LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 21 (ഇരുപത്തിയൊന്ന്) വി.ഇ.ഒ. തസ്തികകൾ നിലവിലുണ്ട്. വി.ഇ.ഒ. ഗ്രേഡ് I, ഗ്രേഡ് II അനുപാതം (1:1) സംസ്ഥാന തലത്തിലാണ് നിലനിർത്തുന്നത്. നിലവിൽ കോതമംഗലം ബ്ലോക്കിൽ 12 വി.ഇ.ഒ.-മാർ ജോലി നോക്കുന്നുണ്ട്.

ഗ്രേഡ് I - 8

ഗ്രേഡ് II - 4

(ബി) 9 എണ്ണം.

(സി) കേരള സർവ്വീസ് റൂൾ ചട്ട പ്രകാരം സമാന തസ്തികയുടെ ചാർജ്ജ് വഹിക്കുന്നയാൾക്ക് ചാർജ്ജ് അലവൻസിന് അർഹതയില്ല. അലോട്ട്മെന്റ് വരുന്ന മുറയ്ക്ക് യാത്രാബത്ത ജീവനക്കാർക്ക് നൽകിവരുന്നു.

(ഡി) ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം റോഡുകളുടെ നവീകരണം

5 (2833) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ൽ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം നഗരൂർ, കരവാരം, കിളിമാനൂർ, പഴയകുന്നുമ്മേൽ, പുളിമാത്ത്, ചെറുന്നിയൂർ, മണമ്പൂർ, ഒറ്റൂർ, വക്കം ഗ്രാമപഞ്ചായത്തുകളിലായി ഏതെല്ലാം റോഡുകൾ നവീകരിക്കുന്നുണ്ടെന്നും നിർമ്മാണപ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും ഓരോ പ്രവൃത്തിയ്ക്കും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും കരാർ എടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കാമോ;

(ബി) കിളിമാനൂർ, വർക്കല, ചിറയിൻകീഴ് ബ്ലോക്കുകളിലായി വരുന്ന പ്രസ്തുത പഞ്ചായത്തുകളിലെ ഏതെല്ലാം റോഡുകൾ 2016-17-ൽ പി.എം.ജി.എസ്.വൈ.യിലുൾപ്പെടുത്തി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

പ്രവൃത്തിയുടെ പേര്	അനുവദിച്ച തുക	നിജസ്ഥിതി	കരാറുകാരന്റെ പേര്
കുന്നമ്മൽ - രാഗിണിമുക്ക്	2,21,33,567	ടാറിംഗ് പണി കഴിഞ്ഞു	എ. താജുദ്ദീൻ
രാഗിണിമുക്ക് - വട്ടാലിൽ കോളനി	78,57,814	ടാറിംഗ് പണി കഴിഞ്ഞു	എ. താജുദ്ദീൻ
കവലയൂർ - കൊടിയുക്കിയകുന്ന്	93,28,834	കരാർ ഒപ്പുവച്ച പണികൾ ആരംഭിച്ചു	പി. കെ. കൺസ്ട്രക്ഷൻ
മുങ്ങോട് - കാട്ടുചിറ	78,84,217	കരാർ ഒപ്പുവച്ചു	സുദർശനൻ
അയന്തി - വലിയമേലതിൽ	1,01,55,724	കരാർ ഒപ്പുവച്ചു	സുദർശനൻ

(ബി) 1. ആങ്ങാവിള-ആനയിൽ കോടമ്പള്ളി-നിലയ്ക്കാമുക്ക്-മാർക്കറ്റ്

2. മരക്കട-പന്ത് വിള-ശാസ്താംനട

3. പെരുന്തമൺ-കടമുക്ക്-കുന്നുപുരം പുളിമാത്ത് എന്നീ മൂന്ന് റോഡുകൾ പി.എം.ജി.എസ്.വൈ. രണ്ടിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം ആലത്തൂരിലെ റോഡ് നിർമ്മാണം

6 (2834) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ റോഡാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ ഇപ്പോൾ ഏതെങ്കിലും റോഡ് ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) എങ്കിൽ ഏതൊക്കെ റോഡുകളാണെന്നും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?